# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 939 06.06.2018 ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. വിൻസെന്റ്** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2018-19 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ 200 കോളേജുകളിൽ മോഡൽ പാർലമെന്റ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി ഇൻസ്റ്റിറ്റ്യൂട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇല്ല |
| (സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നിലവിൽ രാഷ്ട്രീയവും, സാമൂഹികപരവുമായി പ്രാധാന്യമുള്ള ഏതെങ്കിലും വിഷയങ്ങളിൽ പഠനവും, ഗവേഷണവും നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ | (സി) കേരള സർവ്വകലാശാല സർവ്വേ റിസർച്ച് സെന്ററുമായി സഹകരിച്ച് തെരഞ്ഞെടുപ്പ് പഠനം നടത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്ററായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്? | (ഡി) ഉണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച വരുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്ററായി ഉയർത്തുന്നതിനാവശ്യമായ സ്ഥലവും സൗകര്യങ്ങളും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ